**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നെയ്യാറ്റിൻകര നഗരസഭ - ബഹു. നെയ്യാറ്റിൻകര സബ് കോടതിയിലെ LAR 20/94 കേസുമായി ബന്ധപ്പെട്ട് നഗരസഭ ഒടുക്കേണ്ട തുകയായ 92,70,061/- രൂപ 2019-20 വാർഷിക പദ്ധതിയിലുൾക്കൊളളിച്ച് പ്ലാൻ ഫണ്ടിൽ നിന്നും ഒടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.475/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/02/2020

പരാമർശം:- 1 അഡീഷണൽ (എൽ.എ) യൂണിറ്റ് സ്പെഷ്യൽ തഹസിൽദാരുടെ 18.07.2019 തീയതിയിലെ എ4/ 1722/ 01 നമ്പർ കത്ത്.

2 നെയ്യാറ്റിൻകര നഗരസഭ ചെയർപേഴ്സന്റെ 14.08.2019 തീയതിയിലെ കത്ത്.

3 നഗരകാര്യ ഡയറക്ടറുടെ 07.02.2020 തീയതിയിലെ ഡി.സി 3 - 21336/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നെയ്യാറ്റിൻകര നഗരസഭ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന്റെ ആവശ്യത്തിലേക്കായി നെയ്യാറ്റിൻകര വില്ലേജിൽ സർവ്വേ 318/4, 318/3 എന്നീ നമ്പറുകളിൽപ്പെട്ട 43.58 ആർ സ്ഥലം പൊന്നും വിലയ്ക്കെടുത്തിരുന്നതും, പൊന്നും വില പ്രകാരം നിശ്ചയിച്ച തുക കുറവാണെന്ന് ബോധിപ്പിച്ച് സ്ഥലമുടമകൾ കോടതിയെ സമീപിക്കുകയും തുടർന്ന് പ്രതിഫലത്തുക ഉയർത്തി നിശ്ചയിച്ചു കൊണ്ട് ബഹു. നെയ്യാറ്റിൻകര സബ് കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ബഹു. നെയ്യാറ്റിൻകര സബ്കോടതിയിലെ LAR 20/94 -ാം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നല്കേണ്ടിയിരുന്ന തുകയിൽ 14/12/2001ൽ 32,50,022/- രൂപയും, 23/12/2006ൽ 27,83,125/- രൂപയും ഉൾപ്പെടെ ആകെ 60,33,147/- രൂപ നഗരസഭ ഒടുക്കിയിട്ടുണ്ട്. സ്പെഷ്യൽ തഹസിൽദാരുടെ പരാമർശം (1) ലെ കണക്ക് കൂട്ടൽ പത്രിക പ്രകാരം 31.7.2019 വരെയുള്ള തുക പലിശ സഹിതം 92,70,061/- രൂപ കെട്ടിവയ്ക്കാൻ അറിയിച്ചിട്ടുള്ളതും അല്ലാത്തപക്ഷം നഗരസഭ നിയമ നടപടികൾ നേരിടേണ്ടി വരുന്നതുമാണെന്നും തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം ബുദ്ധിമുട്ടുന്ന നഗരസഭയ്ക്ക് 2019-20 വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ച് പ്ലാൻ ഫണ്ടിൽ നിന്നും ടി തുക (92,70,061 രൂപ) ഒടുക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം നെയ്യാറ്റിൻകര നഗരസഭ ചെയർപേഴ്സൺ അഭ്യർത്ഥിച്ചിരുന്നു. ടി നിർദ്ദേശം പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെയ്യാറ്റിൻകര നഗരസഭയിലെ 2019-20 വാർഷിക പദ്ധതിയിലുൾപ്പെട്ടതും ടെൻഡർ നടപടി പൂർത്തീകരിച്ചതുമായ പ്രോ. നം.118, 205, 70,

186, 217, 102, 40, 44, 52, 57, 77, 83, 109, 123, 130, 148, 155, 159, 200, 211, 212, 213, 251, 88, 60, 235, 208, 71, 210, 66, 229, 241, 62, 36, 75, 84, 91, 135, 172, 207, 219, 244, 248, 474, 153, 237, 234, 95, 175, 134, 265, 238, 275, 147, 103, 260 എന്നീ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ സേവിംഗ് സ് തുകയായ 70,33,322/- രൂപയും, 2019-20 പദ്ധതിയിൽ ഉൾക്കൊളിച്ച *പെരുമ്പഴുതൂർ സ്റ്റേഡിയം നവീകരണം* (പ്രോ. നം. 98/20 - 20 ലക്ഷം രൂപ) പദ്ധതിയ്ക്ക് തയാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം മതിയായ തുകയില്ലാത്തതിനാൽ, ഉൾക്കൊള്ളിച്ചിട്ടുള്ള 20 ലക്ഷം രൂപയും, 2018-19 പദ്ധതിയിൽ ഉൾക്കൊള്ളിച്ചതും പണി ആരംഭിക്കാൻ സാധിക്കാത്തതുമായ റ്റ്ലാങ്ങാമുറി വാർഡിലെ *റാവേലി ഓട്ടുകമ്പനി റോഡ് സൈഡ്‌വാൾ നിർമ്മാണം* (പ്രോ. നം. 471/20) എന്ന പ്രോജക്ടിന് വകയിരുത്തിയിട്ടുള്ള 2,98,500/- രൂപയും ഉൾപ്പെടെ ആകെ 93,31,822/- രൂപയിൽ നിന്നും , അഡീഷണൽ (എൽ.എ) യൂണിറ്റ് സ്പെഷ്യൽ തഹസിൽദാർ നിർദ്ദേശിച്ച പ്രകാരം, LAR 20/94 കേസുമായി ബന്ധപ്പെട്ട് നഗരസഭ ഒടുക്കേണ്ട തുകയായ 92,70,061/- രൂപ (തൊണ്ണൂറ്റി രണ്ട് ലക്ഷത്തി എഴുപതിനായിരത്തി അറുപത്തൊന്ന് രൂപ) ഒടുക്കുന്നതിന് അനുമതി നൽകി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.02.26 16:51:05 IST
Reason: Approved
സെക്ഷൻ ഓഫീസർ